MATRIX

# GHSS CHORODE

Little Kites

# MATRIX



# DIGITAL MAGAZINE

## 2019-20

# ആശംസ

ചോറോട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ രണ്ടാമത്തെ ഉദ്യമമായ ഡിജിറ്റൽ മാഗസിൻ അതിന്റെ പൂർണതയിലെത്തി എന്നത് സന്തോഷപ്രദമായ കാര്യമാണ്.വിവരസാങ്കേതികവിദ്യയിൽ വന്ന പുരോഗതി വിദ്യാഭ്യാസ രംഗത്തുകൂടി വന്നിരിക്കുന്നു.ഈ രംഗത്ത് കേരളഗവൺമെന്റ് സ്വീകരിച്ച പുരോഗമനപരമായ പ്രവർത്തനങ്ങളുടെ നേർസാക്ഷ്യം കൂടിയായ ഇ-മാഗസിന് പിന്നിൽ പ്രവർത്തിച്ച വിദ്യാർഥികൾക്ക് അവരുടെ ഭാവിജീവിതത്തിൽ കൂടി ഈ പ്രവർത്തനം പ്രചോദനമാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

സ്നേഹപൂർവ്വം

ഹെഡ് മാസ്റ്റർ

ജയകുമാർ വി

# ആശംസ

തികച്ചും വ്യത്യസ്തമായ പ്രവർത്തനങ്ങൾ കൊണ്ട് വേറിട്ട വഴിയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു സർക്കാർ വിദ്യാലയമാണ് ജി എച്ച് എസ് എസ് ചോറോട് .ആധുനികസാങ്കതിക രംഗത്ത് കുതിച്ചുചാട്ടം നടന്നുകൊണ്ടിരിക്കുന്ന പുതിയകാലത്ത് പൊതു വിദ്യാലയങ്ങളും മാറ്റത്തിന്റെ പാതയിലാണ് .ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സ്കൂളിന്റെ സംരംഭമായ ഇ -മാഗസിൻ എന്ന സ്വപ്നം സാക്ഷാൽ കൃതമാവുകയാണ് .ഈ അവസരത്തിൽ ഇതിന്റെ പ്രവർത്തനത്തിൽ പങ്കാളികളായ ലിറ്റിൽ കൈറ്റ് അംഗങ്ങളുടേയും അധ്യാപകരുടേയും കൂട്ടായ പ്രവർത്തനത്തെ അഭിനന്ദിച്ചുകൊണ്ട് ഈ മാഗസിന് എല്ലാവിധ ആശംസകളും അറിയിക്കുന്നു .

സസ്നേഹം

എൻ .ടി .ഷാജി

പി .ടി .എ പ്രസിഡന്റ്

# എഡിറ്റോറിയൽ

*ഇത് ഒരു അടയാളപ്പെടുത്തലാണ്. ചരിത്രത്തിന്റെ പാതയോരങ്ങളിൽ നമ്മൾ നാട്ടുന്ന മൈൽ കുറ്റികൾ ..........എഴുത്തോലയിൽ നാരായം കൊണ്ട് അക്ഷരങ്ങൾ വരച്ചുവച്ചിരുന്ന ഒരു ഗതകാലത്തിനുമുകളിൽ കാട്ടുമണക്കുന്ന കടലാസും പേനയും ഇടം പിടിച്ചു. ഒരു വിരൽ ത്തുമ്പിന്റെ സൂക്ഷ്മതയിലേക്ക് ലോകത്തെ ആവാഹിച്ചിരുത്തുന്ന ഇന്റർനെറ്റ് സങ്കേതങ്ങൾ കണ്ടെത്തിയതോടെ വിവര സാങ്കേതിക സങ്കേതങ്ങളിൽ ചരിത്രം അസ്ത്രവേഗത്തോടെ അതിന്റെ സാന്നിധ്യം രേഖപ്പെടുത്താൻ തുടങ്ങി.*

*കഥയും കവിതയും എഴുതി പത്രാധിപകകനിവിനായി കാത്തിരുന്ന കാലം പുത്തൻ വർത്തമാനത്തിൽ അലിഞ്ഞില്ലാതായി .ബ്ലോഗുകളായും സൈറ്റുകളായും ആർക്കും സ്വയം ആവിഷ്കരിച്ച് വെളിപ്പെടുത്താനുള്ള ഇടങ്ങൾ സൃഷ്ടിക്കപ്പെട്ടു .പുസ്തകത്തിന്റെ ചതുരപരിമിതിയിൽനിന്നും ഇന്റർനെറ്റിന്റെ വിശാലവിഹായസ്സിലേക്കു മനുഷ്യന്റെ കഴിവുകൾ ചിറകുവച്ച് പറക്കുന്ന വർത്തമാനത്തിൽ പൊതു വിദ്യാലയങ്ങളും അതിന്റെ ചുവടുകൾ ഭദ്രമാക്കുകയാണ്.സാധാരണക്കാരന് സ്വപ്നം മാത്രമായിരുന്ന സാങ്കേതികത്വത്തിന്റെ പുത്തൻ സാധ്യതകൾ ഇന്നുനമ്മുടെ പൊതുവിദ്യാലയങ്ങളിൽ അതിന്റെ ഏറ്റവും ഉയർന്ന പദവിയിൽ സാധ്യമായിരിക്കുകയാണ് .ഹൈടെക്ക് ക്ലാസ്റൂമും മികച്ച പഠന നിലവാരവും നാട്ടിൻ പുറങ്ങളിലെ പൊതുവിദ്യാലയങ്ങളെപോലും പൊളിച്ചെഴുതിക്കഴിഞ്ഞിരിക്കുന്നു . അതുകൊണ്ടുതന്നെ നമ്മുടെ വിദ്യാലയവും ഒരു ചുവടുവയ്പ്പിനു തുടക്കം കുറിക്കുകയാണ് .*

*ചോറോട് ഗവ: ഹൈസ്കൂളിലെ 'ലിറ്റിൽ കൈറ്റ് ' അംഗങ്ങളായ ഒരു കൂട്ടം പ്രതിഭാശാലികളായ വിദ്യാർത്ഥികളും അതിനു നേതൃത്വം വഹിക്കുന്ന അധ്യാപകരും അവരുടെ കൂട്ടായ പരിശ്രമവും ഒരു പുതിയ ലക്ഷ്യത്തിലേക്ക്എത്തിയിരിക്കുകയാണ് .സ്കൂളിന്റെ ഇ –മാഗസിൻ സാക്ഷാൽകൃതമാവുന്നു .ഈ അധ്യയന വർഷത്തിന്റെ*

***പാതിയിലേറെ പിന്നിടുമ്പോൾ പാഠ്യ പഠ്യേതര പ്രവർത്തനങ്ങൾ അധിക സമയം ആവശ്യപ്പെടുന്ന ത്വരിത ദിനങ്ങൾക്കിടയിലും ഇത്തരം ഒരു പ്രവർത്തനത്തിനു നേതൃത്വം വഹിച്ച 'ലിറ്റൽ കൈറ്റ് ' അധ്യാപകരും വിദ്യാർത്ഥികളും മഹനീയ മാതൃകകളായി മാറുന്നു .പത്രമാധ്യമങ്ങളുടെ പരിമിതമായ സർക്കുലേഷൻ അക്കങ്ങൾക്കപ്പുറം ലോകത്തിന്റെ ഏതറ്റത്തും കാണാനാവുന്ന, വായിക്കാനാവുന്ന സ്ഥൂലമായ ഇടങ്ങളിൽ ഈ വിദ്യാലയത്തിലെ കുട്ടികളുടെ ഇത്തിരിപ്പോന്ന ഭാവനകൾ പറന്നുയരുകയായി . ഇതു പുതിയ കാലത്തിന്റെ അനിവാര്യതയാണ്സ്വീകരിച്ചാലും.........***

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ജയകുമാർ വി |
| സ് റ്റാഫ് എഡിറ്റർ | : | ശ്രീലത.കെ.എം |
| സ്റ്റുഡന്റ് എഡിറ്റർ | : | ശിവനന്ദ് എൻ ആർ |
| അംഗങ്ങൾ | : | ശോഭന എം കെ |
| | | എ.കെ.സൈക്ക് |
| | | ബിന്ദു.കെ.കെ |
| | | രാഗിണി.ആർ |
| | | പത്മനാഭൻ.പി.പി |
| | | ആൻലിയ അജയ് |
| | | അവിഷ്ണ |
| | | ദേവനന്ദ വി |

**ഉള്ളടക്കം**

പുഴ ഒഴുകുന്ന വഴിയേ പോകുമ്പോൾ....11
ഹണിമോൾ എ....13
X B....13
കടത്തനാടിന്റെ ചരിത്ര പശ്ചാത്തലം....14
രതീപ് പി. കെ....17
സാമൂഹ്യശാസ്ത്രം....17
ഞങ്ങളുടെ നിലമ്പൂർ യാത്ര....17
ഭാരതാംബ....18
ഗൗതം മനോഹർ VIII-D....18
പുസ്തകത്തിന്റെ മഹാലോകത്തിൽ....19
EDUCATION....20
Avishna 9 A....20
നിദ്രയിൽ ഞാനൊരു റോസാപ്പൂവായി ....21
പൂജ സുരേഷ്....21
IX-D....21
ശല്യക്കാരൻ....22
(അനുഭവക്കുറിപ്പ്)....22
നഷ്ടമാകുന്ന പ്രകൃതി സൗന്ദര്യം....23

MARIYA....23
9 A....23
പുഴയുടെ സ്വരങ്ങൾ....24
പുണ്യ രഞ്ജിത്ത്....24
10 A....24
വായനക്കുറിപ്പ്....25
വിശ്വാസം രക്ഷിച്ചു....26
സലില കെ.പി....27
മലയാളം....27
പുഴ ഒഴുകുന്ന വഴിയേ പോകുമ്പോൾ....29
ശിവഗംഗ എസ്....29
ഒരമ്മ തൻ നൊമ്പരം....30
കാത്തിരിപ്പിന്റെ മാധുര്യം....31
Sarga s Raj....31
8 D....31
അമാവാസി....32
ശ്രീലത കെ. എം....33
മലയാളം....33
ജീവിതം....34
അമേഖ....34
X A....34
സ്വപ്നം....35
സ്കൂൾതല പ്രവർത്തനങ്ങളിലൂടെ....37

# പുഴ ഒഴുകുന്ന വഴിയേ പോകുമ്പോൾ

ഇവിടെ
ഒരു പുഴ ഒഴുകിയിരുന്നുവോ?
രാത്രി തൻ നിശ്ശബ്ദത
ഭേദിച്ചു കൊണ്ടത്
നിലാവിനു താരാട്ടു
മീട്ടിയിരുന്നുവോ?
കരയുന്ന വർഷത്തിനു മീതെ
അത് പുതിയൊരു പ്രളയം
തീർത്തിരുന്നുവോ?
ഏകാകി,
അവനുടെ മനസിൽ കുളിരു-
കോരി നിറച്ചിരുന്നുവോ?
പുഴയുടെ തീരത്ത്
സ്വപ്നങ്ങളെഴുതിയ സുന്ദരിയോടത്
കിന്നരിച്ചിരുന്നുവോ?
പിടയുന്ന ഹൃദയവുമായി
ഓടിയെത്തിയവരെ
അവൾ, തന്റെ മാറോട്
ചേർത്തിരുന്നുവോ?
കാറ്റാകും കാമുകനോടൊത്തവൾ
നീളെ നീളെ ഒഴുകിയിരുന്നുവോ?
പ്രൗഢയാം രാജ്ഞിയുടെ
മുഖവും
നാണിച്ച കാമുകിയുടെ
മിഴിയും
അഥ പതിച്ച വൃദ്ധയുടെ
സ്വരവും
അവൾക്കുണ്ടായിരുന്നുവോ?
നിലയ്ക്കാത്ത ചോദ്യങ്ങൾക്കു-
ത്തരം തേടി
ഞാൻ
പുഴ ഒഴുകിയ വഴിയേ ഒഴുകേ-
ണ്ടിയിരിക്കുന്നു.
പുഴയെ പോലെ
പ്രൗഢയായ്, കാമുകിയായ്, വൃദ്ധയായ്

അന്ത്യത്തിൽ വെറും
നീർച്ചാലുകളായ്
പുഴയുടെ ചാലുകൾ തേടി
ഞാൻ
നടക്കേണ്ടിയിരിക്കുന്നു.
പുഴ ഒഴുകുന്ന വഴിയേ പോകുമ്പോൾ
ഇവിടെ
ഒരു പുഴ ഒഴുകിയിരുന്നുവോ?
രാത്രി തൻ നിശ്ശബ്ദത
ഭേദിച്ചു കൊണ്ടത്
നിലാവിനു താരാട്ടു
മീട്ടിയിരുന്നുവോ?
കരയുന്ന വർഷത്തിനു മീതെ
അത് പുതിയൊരു പ്രളയം
തീർത്തിരുന്നുവോ?
ഏകാകി,
അവനുടെ മനസിൽ കുളിരു-
കോരി നിറച്ചിരുന്നുവോ?
പുഴയുടെ തീരത്ത്
സ്വപ്നങ്ങളെഴുതിയ സുന്ദരിയോടത്
കിന്നരിച്ചിരുന്നുവോ?
പിടയുന്ന ഹൃദയവുമായി
ഓടിയെത്തിയവരെ
അവൾ, തന്റെ മാറോട്
ചേർത്തിരുന്നുവോ?
കാറ്റാകും കാമുകനോടൊത്തവൾ
നീളെ നീളെ ഒഴുകിയിരുന്നുവോ?
പ്രൗഢയാം രാജ്ഞിയുടെ
മുഖവും
നാണിച്ച കാമുകിയുടെ
മിഴിയും
അധ പതിച്ച വൃദ്ധയുടെ
സ്വരവും
അവൾക്കുണ്ടായിരുന്നുവോ?
നിലയ്ക്കാത്ത ചോദ്യങ്ങൾക്കു-
ത്തരം തേടി
ഞാൻ
പുഴ ഒഴുകിയ വഴിയേ ഒഴുകേ-
ണ്ടിയിരിക്കുന്നു.

**പുഴയെ പോലെ**

**പ്രൗഢയായ്, കാമുകിയായ്, വൃദ്ധയായ്**
**അന്ത്യത്തിൽ വെറും**
**നീർച്ചാലുകളായ്**
**പുഴയുടെ ചാലുകൾ തേടി**
**ഞാൻ**
**നടക്കേണ്ടിയിരിക്കുന്നു.**
**ഞാൻ**
**അവളോട് ചേരേണ്ടിയിരിക്കുന്നു.**
**പുഴയേ,**
**നിന്നെ തേടി ഞാൻ**
**വരുന്നു.**
**നിന്നിൽ ചേരാൻ ഞാൻ**
**വരുന്നു.**
**നീ ഒഴുകിയ വഴിയേ**
**ഞാൻ**
**വരുന്നു.**
**ഞാൻ**
**അവളോട് ചേരേണ്ടിയിരിക്കുന്നു.**
**പുഴയേ,**
**നിന്നെ തേടി ഞാൻ**
**വരുന്നു.**
**നിന്നിൽ ചേരാൻ ഞാൻ**
**വരുന്നു.**
**നീ ഒഴുകിയ വഴിയേ**
**ഞാൻ**
**വരുന്നു.**

**ഹണിമോൾ എ**

**X B**

## കടത്തനാടിന്റെ ചരിത്ര പശ്ചാത്തലം

കളരിപ്പയറ്റിനും വടക്കൻ പാട്ടുകൾക്കും പ്രസിദ്ധമാണ് കടത്തനാട്. ക്രിസ്തുവിനു ശേഷം 12 മുതൽ 19 വരെ നൂറ്റാണ്ടുകൾ നാട്ടുവാഴികളുടെ പ്രബലകാലമായിരുന്നു. കേരളത്തിൽ അന്നുണ്ടായിരുന്ന 18 നാട്ടുകളിൽ ഏറ്റവും ശക്തമായ കോലത്തുനാടിന്റെ ഭാഗമായിരുന്നു കടത്തനാട്. സാമൂതിരിയുടെ നാട്ടിൽ നിന്ന് കോലത്തു നാട്ടിലേക്ക് കടക്കുവാനുള്ള നാടായതിനാലാണത്രെ 'കടത്തുനാട്' എന്ന പേരു വന്നത് എന്ന് പറയപ്പെടുന്നു. വടക്ക് മയ്യഴിപ്പുഴയും തെക്ക് കോട്ടയ്ക്കൽ പുഴയും കിഴക്ക് കുറ്റ്യാടി മലനിരകളും പടിഞ്ഞാറ് അറബിക്കടലുമാണ് കടത്തനാടിന്റെ അതിർത്തികൾ. വടകര താലൂക്കിലെ പുറമേരി, ഏറാമല, തൂണേരി, കാർത്തികപ്പള്ളി, എടച്ചേരി, പാറക്കടവ്, ചെക്യാട്, വേളം, വളയം, കുന്നുമ്മൽ, കുറ്റ്യാടി, നാദാപുരം, അഴിയൂർ, മേമുണ്ട, പുതുപ്പണം, തിരുവള്ളൂർ തുടങ്ങിയ പ്രദേശങ്ങൾ കടത്തനാട്ടിൽ ഉൾപ്പെട്ടിരുന്നു.

കടത്തനാടിനെക്കുറിച്ച് വിവരങ്ങൾ ലഭിക്കുന്നത് പ്രധാനമായും

വടക്കൻ പാട്ടുകളിലൂടെയും 'ഹാമിൽടൺ എന്ന ഇംഗ്ലീഷുകാരനായ സഞ്ചാരി എഴുതിയ ചില രേഖകളുടെ അടിസ്ഥാനത്തിലുമാണ്. കോഴിക്കോടിനടുത്തുള്ള വരയ്ക്കൽ ആയിരുന്ന കടത്തനാട് രാജവംശത്തിന്റെ ആദ്യ ആസ്ഥാനം. 17ാം നൂറ്റാണ്ടിന്റെ അവസാനം വരെ കടത്തുനാടുരാജാവ് കോലത്തുനാടിന് വിധേയനായിട്ടാണ് ഭരിച്ചിരുന്നത്. 1750-ൽ കോലത്തുനാടിന്റെ സമ്മതത്തോടെ കടത്തനാട് സ്വതന്ത്രമാക്കപ്പെട്ടു. കടത്തനാട് രാജാവ് 'വടകരവാഴുന്നോർ' എന്ന പേരിലും അറിയപ്പെട്ടിരുന്നു.

ധാരാളം കുരുമുളകും ഏലവും ഉള്ള നാടാണ് കടത്തനാട് എന്നും അവിടുത്തെ രാജാവ് മഹാപരാക്രമിയാണെന്നും അദ്ദേഹത്തിന്റെ കൊട്ടാരം ഓലയും മുളയും കൊണ്ട് നിർമ്മിച്ചതാണെങ്കിലും അതീവ വൃത്തിയുള്ളതാണെന്നും ഹാമിൽട്ടൺ രേഖപ്പെടുത്തുന്നു. ഇതിൽ നിന്നും ആഡംബരവും ആർഭാടവുമില്ലാത്ത ജീവിതമായിരുന്നു കടത്തനാട് രാജാക്കന്മാരുടേത് എന്നു നമുക്ക് മനസ്സിലാക്കാൻ കഴിയും. മറ്റു പ്രദേശങ്ങളിലെ രാജാക്കന്മാർ വലിയ കെട്ടിടങ്ങളും കൊട്ടാരങ്ങളും കെട്ടിപ്പടുത്തിരുന്ന കാലത്താണ് കടത്തനാട്ടിലെ രാജാവ് ഓലയും മുളയും കൊണ്ട് നിർമ്മിച്ച കൊട്ടാരത്തിൽ വസിച്ചിരുന്നത്. കടത്തനാട്ടു രാജാക്കന്മാർക്ക് സുശക്തമായ നാവികസേനയുണ്ടായിരുന്നതായും പറയപ്പെടുന്നു.

കുറ്റിപ്പുറം കേന്ദ്രമാക്കിയാണ് കടത്തനാട്ടു രാജാവ് ഭരണം നടത്തിയിരുന്നത്. വടകരയും കോട്ടയ്ക്കലും മയ്യഴിയും പ്രധാന തുറമുഖങ്ങളായിരുന്നു. പുറമേരി, പാറക്കടവ്, കോട്ടപ്പള്ളി, പുതുപ്പണം, എന്നിവ അക്കാലത്തെ പ്രധാനപ്പെട്ട ചെറുപട്ടണങ്ങളായിരുന്നു.

കടത്തനാട്ടുകാർ വലിയ പോരാളികളായിരുന്നു. ആരോമൽ ചേകവർ, ഒതേനൻ, ചന്തു, ഉണ്ണിയാർച്ച തുടങ്ങിയവർ മദ്ധ്യകാല കേരളത്തിലെ ധീരോദാത്തതയുടെ പ്രതീകങ്ങളാണ്. വടക്കൻ പാട്ടുകളിലൂടെ മറ്റു ചില ധീരയോദ്ധാക്കളേയും കുറിച്ചിട്ടുള്ള വിവരങ്ങൾ ലഭിക്കുന്നു.

ലോകനാർകാവ് ഭഗവതിയായിരുന്നു കടത്തനാട് രാജാവിന്റെ കുടുംബദേവത. 'കൃഷ്ണഗാഥ' എഴുതിയ ചെറുശ്ശേരിക്ക് കടത്തനാട് കോവിലകവുമായി അടുത്ത ബന്ധമുണ്ടായിരുന്നു. ധാരാളം പണ്ഡിതന്മാരും കവികളും കടത്തനാട് കൊട്ടാരത്തിൽ ഉണ്ടായിരുന്നു. അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത അനേകം വടക്കൻ പാട്ടുകൾ ഇന്നും

ഈ പ്രദേശങ്ങളിൽ നിലനിൽക്കുന്നുണ്ട്.

1766-ൽ മൈസൂർ ഭരണാധികാരിയായിരുന്ന ഹൈദരാലി കടത്തനാട് ആക്രമിച്ചു. ഇതോടെ കടത്തനാട് രാജവംശത്തിന്റെ തകർച്ച ആരംഭിച്ചു. പിന്നീട് ടിപ്പുസുൽത്താൻ മൈസൂർ ഭരണം ഏറ്റെടുത്തപ്പോൾ മലബാർ കാര്യങ്ങളിൽ പല മാറ്റങ്ങളും വരുത്തി. ടിപ്പുവും ബ്രിട്ടീഷുകാരും തമ്മിലുണ്ടാക്കിയ സന്ധിപ്രകാരം കടത്തനാട് ബ്രിട്ടീഷുകാരുടെ അധീനതയിലായി. എങ്കിലും വർഷം തോറും ഇരുപത്തിയാറായിരം രൂപ കടത്തനാട് രാജവംശത്തിന് ഈസ്റ്റിന്ത്യാകമ്പനി കപ്പമായി നൽകിയിരുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ ശേഷം കുറച്ച് കാലം കടത്തനാട് രാജവംശത്തിന്റെ പ്രൗഢി നിലനിന്നിരുന്നു.. 1964-ൽ രാജവംശത്തിന്റെ സ്വത്തുക്കൾ വീതം വച്ചു. കടത്തനാട് കോവിലകം പിന്നീട് എടവലാട്ടുകോവിലകം, ആയഞ്ചേരി കോവിലകം എന്നിങ്ങനെ രണ്ടായി പിരിഞ്ഞു. കടത്തനാടിന്റെ കഴിഞ്ഞ കാല മഹത്വം വിളിച്ചറിയിച്ചു കൊണ്ട് പുറമേരിയിലെ കടത്തനാട് രാജാസ് ഹൈസ്കൂൾ ഇന്നും നിലനിൽക്കുന്നു.

കടത്തനാടിനെക്കുറിച്ചുള്ള ഒരു രൂപരേഖ മാത്രമാണിത്. ഇതു പൂർണ്ണമോ വിശദമോ അല്ല. ചരിത്രം അനുസ്യൂതമായ ഒരു പ്രക്രിയ ആയതുകൊണ്ടു തന്നെ അത് ഒരിക്കലും അവസാനിക്കുന്നില്ല.

രതീപ് പി. കെ.

സാമൂഹ്യശാസ്ത്രം

## ഞങ്ങളുടെ നിലമ്പൂർ യാത്ര

സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽനിന്നും ഞങ്ങൾ പഠനയാത്രയ്ക്ക് പോവാൻ തീരുമാനിച്ചത് 9/1/2020 വ്യാഴാഴ്ചയായിരുന്നു. പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു പരീക്ഷയിൽ നിന്നും തെരഞ്ഞെടുത്തിട്ടാണ് ഞാനും എന്റെ കൂട്ടുകാരും പോയത് . പുതിയ സ്കൂളിൽ നിന്നും ആദ്യത്തെ യാത്രയായിരുന്നു ഇത് . രാവിലെ 6:15 നായിരുന്നു ഞങ്ങൾ സ്കൂളിൽ നിന്നുംയാത്ര തുടങ്ങിയത് .കുറച്ചു ദൂരം സഞ്ചരിച്ചതിനു ശേഷം ബസ്സിൽ പാട്ടിട്ടു. അപ്പോൾ തന്നെ ഞാനും എന്റെ സുഹൃത്ത് ശിവദയും കൂടി ഡാൻസ് കളിക്കാൻ തുടങ്ങി .പിന്നീട് എല്ലാ കൂട്ടുകാരും വന്നു. അതിനു ശേഷം താമരശ്ശേരിയുള്ള ഒരു പെട്രോൾ പമ്പിൽ നിന്നും നൂൽപുട്ടും കറിയും കഴിച്ചു. പിന്നീട് ഞങ്ങൾ ബസ്സിൽ കയറി. അതിനുശേഷം ഞങ്ങൾ ഞങ്ങൾ മുകളിലത്തെ നിലയിൽ കയറി ഇരുന്നു. അവിടെ നിന്നും ഞങ്ങൾക്ക് സുഗതൻ സർ ക്ലാസ് എടുത്തു തന്നു. അതിനു ശേഷം ഞങ്ങൾ വിഭവ സമൃദ്ധമായ ഉച്ച ഭക്ഷണം കഴിച്ചു. അതിനു ശേഷം ഞങ്ങൾ അതിനടുത്തു തന്നെയുള്ള ബ്രിട്ടീഷ് ബംഗ്ലാവിൽ പോയി. ക്യാമ്പിലെ ലീഡറായിട്ട് എന്നെ ആയിരുന്നു സെലക്ട് ചെയ്തത്.അവിടെ നിന്നും ഞങ്ങൾ സൈക്കവാക്കിൽ കയറി . പിന്നീട് ഞങ്ങൾ വയലുകൾ കണ്ടു. അവിടെ നെൽ കൃഷി ഉണ്ടായിരുന്നു. പിന്നീട് ഞങ്ങൾ ആന പാണ്ടിയിലെത്തി. പണ്ട് കാലത്ത് ആനകളെ മെരുക്കിയെടുക്കാറ് അവിടെ നിന്നായിരുന്നു. ഞങ്ങൾ അവിടെ എത്തിയപ്പോൾ അതിനുള്ളിൽ നായി കുട്ടികളെ ആയിരുന്നു ഞങ്ങൾ കണ്ടത്. അവിടെ നിന്നും അഷ്റഫ് സർ ഞങ്ങള്ക് അതിനെ പറ്റി കുറച്ച് കാര്യങ്ങൾ പറഞ്ഞു തന്നു. ശ്രീജിത്ത് സർ അവിടെ നിന്നും ഫോട്ടോ എടുത്തു. പിന്നീട് ഞങ്ങൾ തിരിച്ചു വന്നിട്ട് കരിമ്പുഴയിൽ പോയി. അവിടെ നിന്നും ഞങ്ങൾ വെള്ളത്തിൽ നിന്ന് കളിച്ചു. വെള്ളത്തിൽ നിന്നും ഞങ്ങൾ ഫോട്ടോ എടുത്തു. അവിടെ ഒരു മരത്തിന്റെ മുകളിൽ കുറച്ചു കുരങ്ങുകളെ കണ്ടു. പിന്നീട് ഞങ്ങൾ തിരിച്ചു വരുവാൻ ബസ്സിൽ കയറി. പിന്നീട് 10:35 ന് ഞങ്ങൾ സ്കൂളിലെത്തി.

# ഭാരതാംബ

ജനനീ അമ്മേ ഭാരതഭൂമി
ഞങ്ങളിൽ അനുഗ്രഹം ചൊരിയേണമേ
ജനനീ നിൻ പാലകരായി കാക്കും
ഹിമ –ശൈല –വിന്ധ്യാനിരകൾ

സംഗീത –നൃത്ത  കലാദികൾവാഴും
കലാദേവിയും നീയല്ലോഅംബേ
ഭഗവത്ഗീതയും രാമായണവും
പിറന്നൊരീ  നാട്
ഭാരതഭൂമി.

നിത്യഹരിത വസുന്ധരയാം നാട്
ഭാരതമുനിതൻ നടനകാവ്യവും വ്യാസഭാരതവു–
മിതിഹാസ നക്ഷത്രങ്ങൾ വിളങ്ങും നാട്
രാഗവും ശ്രുതിതാളവും അലിയും ളമഞ്ഞായി
അമൃതകലശം പോൽ വിളങ്ങും ജനനീ.

അക്ഷയ പാത്രമായി വരും അന്നപൂർണയും.
ധന –വിദ്യയായ് വിളങ്ങും പത്മിനിയും
വാണിയും നീയല്ലോ .
അംബേ ഭാരതഭൂമി ......

ഗംഗ –യമുന –സരസ്വതി പുണ്യമാക്കും ദേശം
പൂജ ചെയ്യും ദേവികയായ് നീയും അമ്മേ .
ജനനീ അമ്മേ ഭാരതഭൂമി ...
ഞങ്ങളിൽ അനുഗ്രഹം ചൊരിയേണമേ ...

ഗൗതം  മനോഹർ

**VIII-D**

## പുസ്തകത്തിന്റെ മഹാലോകത്തിൽ

ദൂരെ ഒരു നഗരത്തിൽ, ഒരു അഞ്ച് വയസ്സുള്ള പെൺകുട്ടി താമസിച്ചിരുന്നു. അവളുടെ പേര് ആനിയെന്നായിരുന്നു. അവളുടെ മാതാപിതാക്കൾക്ക് ഒരു വർക്ക് ഷോപ്പായിരുന്നു. ആനിക്കൊരു ചേട്ടനും ഉണ്ടായിരുന്നു. അവളുടെ മാതാപിതാക്കൾ അവളെ അത്ര ശ്രദ്ധിച്ചിരുന്നില്ല. അവർ ജോലിക്ക് പോകുമ്പോൾ ആനിയെ അവളുടെ വീട്ടിൽ അടച്ചിട്ടാണ് പോകാറ്. ആ സമയത്ത് അവളെ ഒറ്റപ്പെടലിൽ നിന്ന് രക്ഷിച്ചത് വായനയായിരുന്നു. ആനി ഇതുവരെ സ്കൂളിന്റെ പടി പോലും കണ്ടിട്ടില്ലായിരുന്നു. അങ്ങനെയുള്ള ആ ചെറിയ പെൺകുട്ടി സ്വയമാണ് വായന ശീലിച്ചത്. അവൾക്ക് വായിക്കാൻ വളരെ ഇഷ്ടമായിരുന്നു. പക്ഷെ, ആ വീട്ടിൽ കുട്ടികൾക്ക് വായിക്കാൻ പറ്റിയ ഒരു പുസ്തകവും ഇല്ലായിരുന്നു. ആകെ ഉണ്ടായിരുന്ന വായനാസാമഗ്രികൾ പത്രവും പിന്നെ അവളുടെ അമ്മയുടെ പാചകപുസ്തകവുമായിരുന്നു. ഇത് ദിവസവും വായിച്ചവൾ സ്വന്തമായി ഭക്ഷണവും തയ്യാറാക്കാൻ തുടങ്ങി. അവളുടെ മാതാപിതാക്കൾക്ക് അവൾ പഠിക്കുന്നത് ഇഷ്ടമല്ലായിരുന്നു. ഒരു ദിവസം എല്ലാവരും പുറത്ത് പോയപ്പോൾ ആനിയും വീട്ടിൽ നിന്നിറങ്ങി. അടുത്തുള്ള പബ്ലിക് ലൈബ്രറിയിൽ പോയി. വെറും അഞ്ച് വയസ്സുള്ള ഒരു പെൺകുട്ടി മെമ്പർഷിപ്പ് എടുത്തത് കണ്ട് അവിടെയുള്ള ലൈബ്രേറിയൻ തന്നെ ഞെട്ടിപ്പോയി. ആദ്യത്തെ ദിവസം ലൈബ്രേറിയൻ കുട്ടികൾക്ക് പറ്റിയ ഒരു ചെറിയ പുസ്തകം എടുത്തു കൊടുത്തു. പിറ്റേ ദിവസം കൂടുതൽ സമയം അവർ അവിടെ ചെലവഴിച്ചു. ഒരാഴ്ച കൊണ്ട് ആനി ആ ലൈബ്രറിയിലുള്ള കുട്ടികളുടെ പുസ്തകം മുഴുവൻ വായിച്ചു മനസ്സിലാക്കി. അവൾ ലൈബ്രേറിയനായ സാറയോട് നല്ലവണ്ണം സംസാരിക്കാൻ തുടങ്ങി. സാറയ്ക്ക് ആനിയെ വളരെ ഇഷ്ടപ്പെട്ടു. പിന്നീട് എല്ലാ ദിവസവും കൂടുതൽ സമയം അവൾ അവിടെ ചെലവഴിച്ചു. സാറയ്ക്ക് അവളെപ്പറ്റി കൂടുതൽ വിവരം അറിയാൻ തോന്നി. ആനി അവളുടെ ജീവിത സാഹചര്യങ്ങളെല്ലാം സാറായ്ക്ക് ചെറിയതോതിൽ മനസ്സിലാക്കി കൊടുത്തു. അതു കേട്ട സാറായ്ക്ക് ഒരു വലിയ കാര്യം മനസ്സിലായി. ഒറ്റപ്പെടുന്നവർക്ക് എപ്പോഴും പുസ്തകം ഒരു സുഹൃത്തായി കൂടെയുണ്ടാകും.

വിസ്മയ വിനോദ്

**9** എ

# EDUCATION

Education is an essential tool for bright future for all of us. We can achieve anything good in the life using the tool of education. Each generation must pass its knowledge, skills and values on the next.

Home is the first place of education and parents are first teachers for all of us. In our childhood we get our first impression of education from our home especially from our mother. Our parents left us to know the importance of education in life. We become well educated person in the life by the efforts of our parents and teachers. There is day by day advancement in the field of education. Education gives a great deal of support any encourages each and every individual. It provides the society with doctors teachers and scientist, gives industries a capable work face and helps to maintain law and order by introducing people in social value. Education is useful till the last breath. It develops positive attitude in people.

**Avishna**
**9 A**

## നിദ്രയിൽ ഞാനൊരു റോസാപ്പൂവായി .....

മരതകവാടിയിൽ ഞാനൊരു....
ചുവന്ന പൊട്ടായി വിരിഞ്ഞിരുന്നെങ്കിൽ....
പ്രകൃതിയിൽ എൻ സൗന്ദര്യം
തുളുമ്പിയേനെ....
എൻ മധു നുകരാൻ എത്ര
വണ്ടുകൾ പൂമ്പാറ്റകൾ വന്നു
മൂര ണ്ടേനെ.....

സ്നേഹിക്കുന്നവർക്കും,
മരിക്കുന്നവർക്കും,
ഞാനൊരു സമ്മാനമായിരുന്നേനേ...
ഇത്രയും മനോഹര ഭൂമിയിൽ തന്നാലും
എനിക്കു റോസാപൂ ജന്മം.....

**പൂജ സുരേഷ്**

**IX-D**

# ശല്യക്കാരൻ (അനുഭവക്കുറിപ്പ്)

ഒരു ജൂൺ ഒന്നിന് സ്കൂൾ തുറന്ന ദിവസം ഹെഡ്മാസ്ററർ സ്റ്റാഫ് മീറ്റിങ്ങിൽ അധികപേർക്കും ക്ലാസ് ചുമതലകൾ നൽകി.എനിക്ക് കിട്ടിയത് ഒമ്പത് എച്ച് ആയിരുന്നു .ഓരോ ദിവസം കഴിയും തോറും പലടീച്ചേർസും പ്രശ്നക്കാരനായ ഒരു കുട്ടിയുടെ പേര് പറയാൻ തുടങ്ങി, രവീന്ദ്രൻ .ദിവസവും ഇയാളുടെ പേരിൽ എന്തെങ്കിലും പരാതികൾ ഉണ്ടാകും .കുട്ടികളെ ഉപദ്രവിക്കുക , അടിപിടി,മാന്തുക,പുസ്തകം കീറുക,കമൻ്റടിക്കുക.അങ്ങനെ ഒരുദിവസം ക്ള്സ്സിലെ അടിപിടി കേസിൽ ഹെഡ്മ്സ്ററർ രക്ഷിതാവിനെ കൊണ്ട് വരാൻ പറഞ്ഞു. അതിനുശേഷം അവൻ ഒരാഴ്ച സ്കൂളിൽ വന്നില്ല .പലരും ആശ്വസിച്ചു .അന്ന് ഫോൺ സൗകര്യം കുറവായിരുന്നു ഒന്നു വിളിച്ചു നോക്കാൻ. ക്ലാസ് ടീച്ചർ ആയ ഞാൻ അവന്റെവീടുവരെ പോയാലോ എന്ന് പറഞ്ഞപ്പോൾ അത് വേണ്ട ,സാർ അവൻ വരും ,നിങ്ങൾ വിഷമിക്കേണ്ട എന്ന് സഹ ആദ്ധ്യാപകർപറഞ്ഞു .മൂന്ന് നാല് ദിവസം കഴിഞ്ഞിട്ടും അവൻ സ്കൂളിൽ വന്നില്ല .ഒരു ഞായറാഴ്ച അവൻ വീട് അന്വേഷിച്ച് ഞാൻ പുറപ്പെട്ടു .വഴിയിൽ പലരും എന്നോട് നിങ്ങൾക്ക് പോകാൻ പറ്റിയ സ്ഥലം അല്ല അവിടെ ,നിങ്ങൾ പോകരുത് ആവിടെ വളരെ മോശമാണ് എന്ന് ഉപദേശിച്ചു .അവൻ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവനും വൈകുന്നേരങ്ങളിൽ റോഡിൽ കറങ്ങിനടക്കുന്ന് ലഹരിവില്പനനവനാണ്,എന്നൊക്കെ പറഞ്ഞു എന്നെ വിലക്കി .എന്നിട്ടും ഞാൻ മുന്നോട്ട് നടന്നു .വീട്ടിൽ ഏത്തികണ്ട കാഴ്ച ,അവൻ അവന്റെ അമ്മമ്മയ്ക്ക് കഞ്ഞി കോരികൊടുക്കുകയായിരുന്നു ,എന്നെ കണ്ടതും അവൻ കരയാൻ തുടങ്ങി .

വീട്ടിൽ അമ്മ കൂലിപ്പണിക്ക് പോയാണ് കുടുംബം പുലർത്തുന്നത് . അമ്മമ്മ തളർവാതം പിടിച്ച് കിടപ്പിലാണ്, അച്ഛൻ ചെറുപ്പത്തിലെ ഉപേക്ഷിച്ച് നാടുവിട്ടു,വീടാണെങ്കിൽ ചെറിയ ഒരു ഷെഡ്. അമ്മാവനാണ് അവനെ കുറച്ച് ശ്രദ്ധിക്കുന്നത്,മാമനും ഒരു കൂലിപ്പണിക്കാരനാണ്.കുറച്ചു കഴിഞ്ഞ് അമ്മാമൻ ഏത്തി.സാർ ഇവൻ ഒന്നും പറഞ്ഞാൽ കേൾക്കില്ല .അവന് വേണ്ടത് ഏല്ലാം ഞാൻ കൊടുക്കാറുണ്ട് എന്ന് പറഞ്ഞു. ഉടൻ കുട്ടിയുടെ മറുപടി വല്ലപ്പോഴും എന്തെങ്കിലും തരും സാർ ,അവൻ സത്യം പറഞ്ഞപ്പോൾ മാമന് മറുപടി ഇല്ലായിരുന്നു.ഇവൻെ്റ പല വിഷമങ്ങളും ഞങ്ങൾ ചർച്ച ചെയ്യുകയും മാമൻ എല്ലാ വിധത്തിലും സഹായിക്കാമെന്ന് വാക്ക് തരികയും ചെയ്തു .അടുത്ത ദിവസം തന്നെ അവനെ സ്കൂളിൽ വിടാം എന്ന് അദ്ദേഹം പറഞ്ഞു .അങ്ങനെ തിങ്കളാഴ്ച മുതൽ അവൻ സ്കൂളിൽ വരികയും ആ വർഷം പഠനം തുടരുകയും ചെയ്തു .നിങ്ങൾ പറയൂ ഇവനാണോ വികൃതിയും ശല്യക്കാനും ,സ്നേഹം ഇല്ലാത്തവനും എന്നൊക്കെ നാം വിളിക്കുന്ന രവീന്ദ്രൻ? ഇങ്ങനെ എത്ര രവീന്ദ്രനെ നമുക്ക് കാണാൻ കഴിയും?

പത്മനാഭൻ.പി.പി

കണക്ക്

# നഷ്ടമാകുന്ന പ്രകൃതി സൗന്ദര്യം

പ്രകൃതി മനുഷ്യർക്ക് മാത്രമല്ല. എല്ലാ ജീവജാലങ്ങൾക്കും ഉള്ളതാണ്. ഇന്ന് മനുഷ്യൻ സ്വാർത്ഥ താല്പര്യത്തിന് വേണ്ടി മരങ്ങൾ വെട്ടി മാറ്റിയും പർവ്വതങ്ങളും കുന്നുകളും വെട്ടിനിരത്തുകയും പ്രകൃതിയെ പല വിധത്തിൽ ദ്രോഹിച്ച കൊണ്ടിരിക്കുന്നു. ഇത് പ്രകൃതിയുടെ നിലനില്പിന്ന് തന്നെ ഭീഷണിയായി കൊണ്ടിരിക്കുകയാണ്. നാം പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകളാണ് വേനൽ ചൂടായും വരൾച്ചയായും തിരിച്ച കിട്ടുന്നത്. നാം പ്രകൃതിയോട് ചെയ്യുന്ന തെറ്റുകളുടെ തിരിച്ചടി നമുക്ക് മാത്രമല്ല .നമ്മുടെ വരും തലൈമുറയ്ക്ക് അനുഭവിക്കേണ്ട വരും . ഒരു പക്ഷെ ഈ ഒരു സ്ഥിതി തുടരുകയാണെകിൽ അടുത്ത തലമുറൈക്കുവേണ്ടി പ്രകൃതി അവശേഷിക്കണം എന്നില്ല . ഇന്നത്തെ ആവശ്യങ്ങൾക്ക് നാം പ്രകൃതിയോട് കാണിക്കുന്ന തെറ്റുകളുടെ തിരിച്ചടി നാളെ തീർച്ചയായും നമുക്ക് അനുഭവിക്കേണ്ടി വരും .പക്ഷെ അപ്പോഴേക്കും തെറ്റ് തിരുത്താൻ സമയം ഏറെ വൈകിയിട്ടുണ്ടാവും .കാരണം സമയം നമുക്കൊത് ഒരിക്കലും നിൽക്കില്ലാ .ഇന്നത്തെ ആവശ്യം നിറവേറ്റാൻ ഇല്ലാതാക്കുന്നതെ നാളത്തെ നമ്മുടെ അത്യാവിശ്യങ്ങളാണെന്നുള്ള ബോധം നമ്മുക്കെപ്പോഴും ഉണ്ടായിരിക്കണം .ഇക്കാര്യത്തിലുള്ള മനുഷ്യരുടെ ബോധമില്ലായിമ തന്നെയാണ് മനുഷ്യനെ ഈ തെറ്റുകൊളൊക്കെ ചെയ്യാൻ പ്രേരിപ്പിക്കുന്നത് . പ്രജരിതി നമ്മുക്ക് ദൈവം തന്ന വരദാനമാണ് .പ്രകൃതിയുടെ നിലനിൽപ്പ് മനുഷ്യരുടെ നിലനിൽപ്പിന് അത്യാവശ്യമാണെന്ന് തിരിച്ചറിവ് എല്ലാവരിലും ഉണ്ടാവണം അങ്ങനെ നമ്മുടെ പ്രകൃതി സൗന്ദര്യം നിലനിർത്താൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ് . ഒരിക്കലും നഷ്ടപെടാതിരിക്കട്ടെ നമ്മുടെ പ്രകൃതി സൗന്ദര്യം........

**MARIYA**

**9 A**

## പുഴയുടെ സ്വരങ്ങൾ

വിജനതയിൽ ഒഴുകുന്ന പുഴയുടെ വഴിയൂടെ
ഞാൻ പോവുമ്പോൾ ഞാൻ കേട്ടു അവയുടെ സ്വരം.
കളകള ശബ്ദത്തിൽ ഒഴുകുന്ന പുഴ
അവ നമ്മളോട് എന്തോ പറയാൻ ശ്രമിക്കുന്നു.

നിയന്ത്രാണാതീതമായ ഒഴുക്കാണ് അവയുടേത്
അതിന്റെ ഓളങ്ങളിൽ ഇറങ്ങി ചെന്നാൽ
അതിന്റെ ഹൃദയം നമുക്കറിയാം
താഴ്വരകൾ താണ്ടി പാറക്കെട്ടുകളിൽ തലതല്ലി
നമ്മുടെ കൺമുനയിലേക്കല്ല അവയെത്തുന്നത്.

ആകാശത്തിലെ മേഘത്തേരിന്റെ കണ്ണീരല്ലേ
പുഴയിലെ വെള്ളം.
പുഴ സന്തോഷിക്കുന്നു, സങ്കടപ്പെടുന്നു,
കരയുന്നു, എന്തൊക്കെയോ നമ്മോടതുപറയാൻ ശ്രമിക്കുന്നു.
എന്നാൽ അത് കഴിയുന്നില്ല.

വിതുമ്പുന്ന സ്വരങ്ങളോടുകൂടി അവ ഒഴുകുന്നു
കൃസൃതികളും ദുഖങ്ങളും കരച്ചിലും-
അടങ്ങിയ അവയുടെ ഹൃദയം നാം അറിയണം.
നാം അവയെ വഞ്ചിക്കുന്നു.
അവയെ നശിപ്പിക്കുന്നു.
അങ്ങനെ അവ പ്രളയമായൊഴുകുന്നു.

ചില ഒഴുക്കുകൾ അത് നമ്മുടെ മനസ്സിൽ സ്ഥാനം പിടിക്കുന്നു.
ഇരുണ്ട വഴികളിലൂടെ അവയെത്തുന്നു,
നമ്മൾ അതിനോട് എന്തൊക്കെ ചെയ്യുന്നു.
എന്നാൽ നാം അനുഭവിക്കാൻ കിടക്കുന്നതേയുള്ളൂ.

പുഴക്ക് നമ്മളോടുള്ള പക
അത് അവ കാണിക്കുന്നത് അത്  പൊട്ടിച്ചിതറി കൊണ്ടാണ്
നാം ഓർക്കും അവയെ നശിപ്പിക്കരുത്
സ്നേഹിക്കു, അതിന്റെ ആഴങ്ങളിൽ ചെന്ന്
അതിന്റെ അവസ്ഥകൾ മനസ്സിലാക്കി.

പുണ്യ രഞ്ജിത്ത്

**10 A**

# വായനക്കുറിപ്പ്

പ്രശസ്തനായ സാഹിത്യകാരനായ വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ ഒരു കൃതിയാണ് ഭൂമിയുടെ അവകാശികൾ. ഈ ഭൂമിയേയും ഭൂമിയിലുള്ള ജീവജാലങ്ങളേയും സ്നേഹിക്കാനും സംരക്ഷിക്കാനും തന്റെ തൂലികയിലൂടെ പറഞ്ഞു തരികയാണ് ബഷീർ എന്ന ഒരു പ്രകൃതി സ്നേഹിയായ സാഹിത്യകാരൻ. ഇദ്ദേഹത്തിന്റെ ഒട്ടേറെ കൃതികളിൽ വച്ച് ഏറ്റവും മഹത്തരമായ ഒരു കൃതിയാണ് ഭൂമിയുടെ അവകാശികൾ. മനുഷ്യർ ഭൂമിയെ കൈയ്യടക്കുന്നതിലും ഭൂമിയിലുള്ള ജീവജാലങ്ങളെ നശിപ്പിക്കുന്നതിലുള്ള ഒരു പ്രതിഷേധവും ഈ കൃതിയിലുണ്ട്. ബഷീർ പറയുന്നത് ഈ ഭൂമി മനുഷ്യനു മാത്രം അവകാശപ്പെട്ടതല്ല, ഇത് ഭൂമിയിലുള്ള സർവ്വ ജീവജാലങ്ങൾക്കും കൂടി അവകാശപ്പെട്ടതാണ്. ഭൂമിക്കുമേൽ അധികാരം സ്ഥാപിക്കുന്ന മനുഷ്യരോട് ബഷീർ പറയാതെ പറയുന്നത് ഇത്രമാത്രം. ഈ ഭൂമി മനുഷ്യർക്കു മാത്രം സ്വന്തമല്ല. ഇതിൽ മനുഷ്യർക്കുള്ള എല്ലാ അവകാശങ്ങളും അധികാരങ്ങളും മറ്റ ജീവജാലങ്ങൾക്കുമുണ്ടെന്ന് തീർച്ചയാണ്.

തന്റെ വീടും പുരയിടവും ബഷീർ കൈകാര്യം ചെയ്യുന്നതുപോലെ തന്നെ അതിലുള്ള ചെറു പ്രാണികൾക്കും എല്ലാവിധ അധികാരവും ബഷീർ നൽകുന്നു. ഒരു ജീവജാലത്തെ പോലും ബഷീർ വേദനിപ്പിക്കുകയോ കൊല്ലുകയോ ചെയ്യുന്നില്ല. ഇതിലൂടെ ബഷീർ എന്ന പ്രകൃതിസ്നേഹിയെ നമുക്ക് കാണാവുന്നതാണ്. തന്റെ വീട്ടിൽത്തന്നെ അതിഥികളെപ്പോലെയാണ് ബഷീർ ജീവജാലങ്ങൾക്ക് സ്ഥാനവും മാനവും കൊടുക്കുന്നത്. അവ ഒരിക്കലും വെറുതെ ആരെയും ഉപദ്രവിക്കില്ല. പഴുതാര മുതൽ പാമ്പ് വരെ ബഷീറിന്റെ വീട്ടിലെ സ്ഥിര സന്ദർശകരാണ്. ഇതിൽ നിന്നെല്ലാം അദ്ദേഹം വെളിപ്പെടുത്തുന്നത് താൻ തൂലിക ചലിപ്പിച്ചു കൊണ്ട് എഴുതുന്ന ഓരോ കൃതിയും തന്റെ ജീവിതത്തിന്റെ ഏടുകളിൽ നിന്നു തന്നെയാണ്.

ഭൂമിയുടെ അവകാശികൾ എന്ന ബഷീറിന്റെ മഹത്തരമായ കൃതിയിലൂടെ ഭൂമിക്കവകാശം മനുഷ്യർക്കു മാത്രമല്ലെന്നും അതിൽ ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങൾക്കും തുല്യ അവകാശമാണെന്നും സ്ഥാപിക്കുന്നു.

ശ്രീനന്ദ സി. ബി. 8 ബി

## വിശ്വാസം രക്ഷിച്ചു

ഏറെ വർഷത്തെനിയമയുദ്ധത്തിനു ശേഷം 2൦൦ ജനുവരിയിൽ ഞാൻ ചോറോട് ഹൈസ്കൂളിൽ അധ്യാപികയായി ചേർന്ന കാലം. ഫെബ്രുവരി മാസം ഒരു ഹൈസ്കൂളിനെ സംബിന്ധിച്ചിടത്തോളം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് കതിരിൽ വളം വെക്കുന്ന സമയം. രാവിലത്തെ മൂന്നാം പീരീഡ് ആയിക്കാണും. ഞാൻ സ്റ്റാഫ്റൂമിൽ ഇരിക്കുകയാണ്. രണ്ടോമൂന്നോ സഹഅധ്യാപികമാരും .... ഒരു പെൺകുട്ടി കരഞ്ഞ് കോണി ഇറങ്ങിക്കൊണ്ട് വിക്കി വിക്കി എന്തൊക്കെയോ പറഞ്ഞു. കുട്ടിയുടെ വികാരപ്രകടനത്തിൽ നിന്ന് മുകളിലത്തെ ക്ലാസ്സിലെ ഒരു കുട്ടിക്ക് എന്തോ സംഭവിച്ചുവെന്ന് മനസ്സിലാക്കി, എല്ലാവരും മുകളിലോട്ടോടി അത് പത്താക്ലാസ്സ് ആയിരുന്നു 10 ബി ക്ലാസ്സിലായിരുന്നു സംഭവം.കണക്കിന്റെ ബേബി ടീച്ചർ, ഞങ്ങൾ വി ബി എന്ന് വിളിക്കും. റിവിഷൻ ക്ലാസ്സ് കൈകാര്യം ചെയ്യുന്നു. കുട്ടികളെല്ലാം പരക്കം പായുന്നു.ടീച്ചർ എന്തെക്കൊയോ സംസാരിക്കുന്നു.ക്ലാസ്സിൽ പെൺകുട്ടികൾ ഇരിക്കുന്ന ഭാഗത്തു ഒരു പെൺക്കുട്ടിയെ ബെഞ്ചിൽ കിടത്തി ടീച്ചറും കുറച്ച്കുട്ടികളും ബലമായി പിടിച്ചുവച്ചിരിക്കുന്നു. നോക്കുമ്പോ എന്താ ! ക്ലാസ്സിൽ നന്നായി പഠിക്കുന്നഞങ്ങളുടെ 'നിത ' അക്രമാസക്തയായി മുഖം വക്രിച്ച് കാലും കൈയുമെല്ലാം കോട്ടി എന്തോരു ഭ്രാന്താവസ്ഥ. എന്തെല്ലാമോ വിളിച്ചുപറയുന്നു, എന്നെ കൊല്ലാൻ വരുന്നേ എന്നാണ് കൂടുതൽ പറയുന്നതെന്ന് മനസ്സിലായി .അപ്പോഴേക്ക് മറ്റുക്ലാസ്സിലെ കുട്ടികളെല്ലാം അറിഞ്ഞു. ആകെ ബഹളം.അതിനിടയിൽ ഞങ്ങളെല്ലാവരും കൂടി അവളെ ഒരു വിധം കോണിപ്പടിയിറക്കി. താഴെ സ്റ്റാഫ്റൂമിൽ എത്തിച്ചു.അതിനുശേഷം അവൾ അൽപം മയങ്ങിയത് പോലെ തോന്നി. അവളുടെ കൂടെ വരുന്ന കുട്ടികളുമായി ഞങ്ങൾ സംസാരിച്ചു. അവളുടെ അടുത്ത "വീട്ടിലെ അമ്മമ്മ 'മരിച്ചതിന് ശേഷം അവൾക്ക് ഇതുപോലെ ഒരു പ്രശ്നം വന്നതായി കുട്ടികൾ പറഞ്ഞു. അമ്മമ്മകൂടിയത് തന്നെയെന്നാണ് അവരുടെ സംസാരം. ഒരു വിധത്തിൽ കുരിക്കിലാടുല്യുള്ള രക്ഷിതാവിനെ വിവരമറിയിച്ചു. അധ്യാപകർ പബ്ലിക് പരീക്ഷ അടുത്ത സമയത്ത് കുട്ടിയുടെ ഈ സ്ഥിതിയിൽ ആകെ ദുഖിതരായി. കൗൺസിലിങ് സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്ററ് എന്നിങ്ങനെ പല അഭിപ്രായങ്ങളും ഇടയ്ക്കിടക്ക് ബോധം വന്നാൽ എന്നെ കൊല്ലാൻ വരുന്നേ എന്ന്

ആക്രോശിക്കുന്നുണ്ട്. ഞങ്ങൾ കുട്ടിയെ ബലമായി പിടിച്ചുവച്ചിരിക്കുകയാണ് .

കുറച്ച് കഴിഞ്ഞപ്പോൾ രക്ഷിതാവ് ഓട്ടോയുമായി വന്നു. സ്കൂളിലെ ഭിഷഗ്വരൻ എന്നറിയപ്പെടുന്ന പ്രേമൻ മാസ്റ്റർ രക്ഷിതാവുമായി സംസാരിച്ചു. ഈ പ്രാവശ്യം പരീക്ഷ എഴുതാൻ പറ്റുമോ ? എന്നുപോലും ഞങ്ങൾ സംശയിച്ചു...... എന്നാൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് പിറ്റേദിവസം ക്ലാസ്സിൽ നിത! അമ്മ സ്റ്റാഫ്റൂമിൽ വന്ന് ഞങ്ങളോട് പറഞ്ഞു. ഇന്നലെ നടന്നതൊന്നും അവൾക്ക് ഓർമയില്ല. കുട്ടികളാരും അവളോട് ഒന്നും ചോദിക്കരുത് . അവളുടെ കൈയിലുള്ള ഒരു ചരട് കുളിമുറിയിൽ അഴിഞ്ഞുവീണിരുന്നു. കഴിഞ്ഞ മാസം ഇതുപോലെ അസുഖം വന്നപ്പോൾ ഓർക്കാട്ടേരി ഇല്ലത്തെ തിരുമേനി കെട്ടിയതാണ് . സ്കൂളിൽനിന്ന് വീട്ടിൽ എത്തിയപ്പോഴാണ് കയ്യിലെ ചരട് അവിടെ ഇല്ലെന്ന് അവർ അറിയുന്നത്. തിരഞ്ഞു നോക്കിയപ്പോഴാണ് കുളിമുറിയിൽനിന്ന് അത് കിട്ടിയത് . അത് കിട്ടിയതിൽ പിന്നെ ഒരു പ്രയാസവും ഇല്ല . എല്ലാം നോർമൽ. ആ കൊല്ലത്തെ പബ്ലിക് പരീക്ഷയിൽ അവൾ നല്ല മാർക്കോടെ പാസായി . ഏറെ വർഷങ്ങൾക്ക് ശേഷം അവളെ വടകര ടൗണിൽ വെച്ച് ഞാൻ കണ്ടു . അവൾ നേഴ്സിങ്ങിന് പഠിക്കുകയാണ് . നല്ല മിടുക്കി ആയിരിക്കുന്നു. ഞാൻ തന്ത്രത്തിൽ അവളുടെ കൈയ്യിൽ നോക്കി. ചരടുണ്ടോ എന്ന് . പക്ഷെ ഇല്ല. എന്തായാലും വീട്ടുകാരുടെയോ സമൂഹത്തിന്റെയോ അവളുടെയോ നമ്പൂതിരി യുടെയോ വിശ്വാസം അന്ന് അവളെ രക്ഷിച്ചു . ഇന്ന് ഇറക്കം കുറഞ്ഞ പാന്റുമായി കാലടക്കം ചരട് കെട്ടി നടക്കുന്ന ഫാഷൻ പേക്കൂത്തിന്റെ കാലം. ആ കുട്ടികളോട് പോലും ഇത് കെട്ടരുതെന്നു വിലക്കാൻ പേടിയാണ് .ചിലപ്പോൾ എന്തോ വിശ്വാസം ആണെങ്കിലോ ? കാലമേറെ കഴിഞ്ഞെങ്കിലും ഈ ചരട് വിശ്വാസം മനസ്സിൽ മായാതെ നിൽക്കുന്നു. ഇന്നും .

സലില കെ.പി.

മലയാളം

# പുഴ ഒഴുകുന്ന വഴിയേ പോകുമ്പോൾ

പുഴ ഒഴുകുന്ന വഴിയെ പോവുകയായിരുന്നു
ഞാൻ........
ക്രമരഹിതമായ എന്റെ കാൽച്ചുവടുകൾക്കിടയിൽ
മണ്ണ് പിടയുന്നതായി തോന്നി.
നിനച്ചിരിക്കാതെ കടന്നുവന്ന ഭീതികളുടെയും
സ്വപ്നങ്ങളുടെയും ഇടയിൽ
ഒരു ചെറുപ്രാണിയെപ്പോലെ പിടയുകയായിരുന്നു
എന്റെ ചിന്തകൾ.......

ആരോ വിളിച്ചോ? അറിയില്ല....
എങ്കിലും ഒന്നു തിരിഞ്ഞു നോക്കി
അപ്പോഴാണ് ഞാൻ അവളെ കണ്ടത്....
കൃശമായ ശരീരവും വരണ്ടുണങ്ങിയ ചിരിയുമായിരുന്നു
അവൾ.......
പുഴ........
കൂട്ടിനായ് നീന്തിത്തുടിക്കുന്ന
പരൽ മീനുകളോ......
ഇടയ്ക്കൊന്നെത്തി നോക്കുമ്പോൾ
ചാഞ്ചാടുന്ന കുറ്റിച്ചെടികളോ ഇല്ലാത്ത
ഏകാന്തതയുടെ നിഴൽക്കെണിയിൽ വീണ
പുഴ.......

അവൾക്കെന്തേ പറയുവാനുണ്ടായിരുന്നുവോ?
ആരോടും പറയാനാവാതെ
അവളെ വീർപ്പുമുട്ടിച്ച ചിലത്
അർത്ഥമില്ലാത്ത കവിത പോലെ
അവൾ എന്തൊക്കെയോ പുലമ്പുന്നതായി...........
അവളുടെ വരണ്ടുണങ്ങിയ മിഴികളിൽ നിന്നും
വീഴുന്ന ഓരോ കണ്ണീർ തുള്ളികളും........
ഓരോ മനുഷ്യ പാപങ്ങളുടെ വർണ്ണ ചിത്രങ്ങളായി
മാറുന്നു.......
മാറിയിരുന്നു........ ഞാനും അതിലൊരാളായി....
ഒരു പാപിയായി
ബാക്കിയറിയാനായി.......
എന്നിട്ടും പോവുകയായിരുന്നു......
ഞാൻ......
പുഴ ഒഴുകിയ വഴിയെ.......

ശിവഗംഗ എസ്

ക്ലാസ്സ് 10

# ഒരമ്മ തൻ നൊമ്പരം...

നിറിപ്പുകയും മനസ്സുമായ്........
നീർ തൂകുന്ന മിഴിയുമായ്.....
ഒരമ്മ തൻ ദിനങ്ങൾ പെരുകുന്നു തന്റെയീ
മകന്റെ വിയോഗ വേളയിൽ
നെഞ്ചിലൊതുക്കി ദുഖത്തിന്നലകളെങ്കിലും
പൊട്ടിയൊഴുകുന്നു ഈ സ്മരണ തൻ വേളയിൽ
കുഞ്ഞിക്കാൽ വയ്പുകൾ വസുധയിലുറപ്പിച്ച നിമിഷത്തിലമ്മ-
തൻ മനം കോരിത്തരിച്ചു പോൽ
പിച്ച വച്ചു നടന്ന തൻ പുത്രനു നൽകാൻ
ഒത്തിരി സ്നേഹത്തിൻ പാലമൃതും
ബാലനായ്, കുമാരനായ് അമ്മ തൻ
മുമ്പിൽ നീ മാറുന്നു വിപ്ലവത്തിൻ യുവത്വമായ്
ആശിച്ചു മോഹിച്ചു പോറ്റിയ നിന്നുടെ
സ്വപ്നമെല്ലാം തകർന്നുപോയോ
കൊത്തിപ്പറിച്ചതോ കുത്തിപ്പിളർന്നതോ
കാക്കിതൻ ബൂട്ടിൻ പ്രഹരമേറ്റതോ
അറിയാതെയറിയാതെ അകലുന്നുവോ നീ......
നീറുന്നൊരോർമ്മയായ് തീരുന്നുവോ നീ.....
ചേതനയറ്റ നിൻ പൂമേനി തഴുകി ഞാൻ
നിശ്ചലയായ് നിലത്തിരുന്നു.
കാൽവരിക്രൂശിൻ ചുവട്ടിലായ് തേങ്ങും
മാതൃത്വത്തിൻ വിലയിന്നറിഞ്ഞുവോ
അമ്മ തൻ നെഞ്ചകം നീറുന്ന നൊമ്പരം
കാലമേ നീയിന്നുമായ്ച്ചീടുമോ?

ഷീജ എൽ. ആർ

# കാത്തിരിപ്പിന്റെ മാധുര്യം

മലയോരങ്ങളുടെ താഴ്വരകളിൽ നിന്ന് കടൽത്തീരത്ത് സൂര്യന്റെ കത്തിജ്വലിക്കുന്ന പ്രകാശം പതിക്കുന്നു .അവിടെ രണ്ട് കുട്ടികൾ ഒരിക്കലും തീരാത്ത കാത്തിരിപ്പുമായി രാവും പകലും എണ്ണിനീക്കുന്നു . അവരുടെ കാത്തിരിപ്പ് സ്വന്തം അച്ഛനുവേണ്ടിയായിരുന്നു ആരോരുമില്ലാത്ത അവർക്ക് തുണയായും തണലായുമുള്ള അവരുടെ അച്ഛനു വേണ്ടിയുള്ള ഒരായിരം കണ്ണീരിന്റെ കാത്തിരിപ്പ് . അവർ രണ്ടുപേരാണുള്ളത് ഒരു പെൺകുട്ടിയും പിഞ്ചോമന കുഞ്ഞും. കുഞ്ഞിന്റെ ജനനത്തോടനുബന്ധിച്ച അവരുടെ 'അമ്മ അവരെ വിട്ട് മരണത്തിലേക്ക് സഞ്ചരിച്ചു.അപ്പോഴും അവൾ തളർന്നില്ല . അച്ഛനുണ്ടല്ലോ എന്ന ആശ്വാസം മാത്രം.അവളുടെ അച്ഛൻ എല്ലാ ദിവസവും മീനിനെപ്പിടിക്കാൻ കടലിലേക്ക് പോകാറുണ്ടായിരുന്നു. അതായിരുന്നു അവളുടെ അച്ഛന്റെ തൊഴിൽ.അങ്ങനെ ഒരു ദിവസം വൈകുന്നേരം അതിശക്തമായ മഴയും കാറ്റും വന്നു .അവരുടെ അച്ഛൻ പോയ കപ്പൽ മുങ്ങി കുറെ പേർ മരിച്ചു, കുറെ പേർക്ക് പരിക്ക് പറ്റുകയും കുറെ പേരെ കാണാതാവുകയും ചെയ്തു.അതിലൊരാൾ അവളുടെ അച്ഛനായിരുന്നു. പക്ഷെ അച്ഛന്റെ ഒരു വിവരവും ലഭിച്ചില്ല .അതോടെ അവരുടെ സ്വപ്നവും ആഗ്രഹവും എല്ലാം തുലഞ്ഞു . പക്ഷെ അവരുടെ കാത്തിരിപ്പിന് ഒരു ഫലം അവരുടെ കടലമ്മ അവർക്ക് തരും എന്ന പ്രതീക്ഷയുണ്ട് . ഒന്നും അറിയാത്ത അവളുടെ അനിയനെ വലുതായി വലിയ ഡോക്ടറാക്കാനും ഈ ഗ്രാമത്തിൽ ഒരു ആശുപത്രി പണിയാനും ഒക്കെയായായിരുന്നു അവരുടെ അച്ചന്റെ ആഗ്രഹം . ഇതൊക്കെ അവൾ അനിയനോട് പറയാത്തത് അവൻ കുട്ടിയായത്കൊണ്ടാണ് .എന്നാലും അവൾ അച്ഛന്റെ ആഗ്രഹം നിറവേറ്റണമെന്നായിരുന്നു അവളുടെ ആഗ്രഹം.അനുജനെ ഡോക്ടറാക്കും ഇതൊക്കെ കാണാൻ അച്ഛൻ വരുമെന്ന് അവൾ വിശ്വസിക്കുന്നു . എല്ലാ ദിവസവും രാത്രി അവർ കടലിനടുത്ത് വന്ന് തീരാത്ത സങ്കടം പറയും. ഇത് ഞാൻ പലപ്പോഴും കേൾക്കാറുണ്ട് .ഒരു ദിവസം രാത്രി അവൾ അവിടെ മയങ്ങി . പെട്ടന്ന് അവൾ കണ്ണ് തുറന്നപ്പോൾ അവളുടെ മുന്നിൽ ഒരു മാലാഖ പ്രത്യക്ഷപെട്ടു . പിന്നീട് അവൾക്ക് അവരുടെ അമ്മയെ പോലെ തോന്നി. ആ മാലാഖ അവരോട് പറഞ്ഞത് കാത്തിരിപ്പിന്റെ ഫലം അടുത്തുവരുന്നു . ഒരിക്കലും പ്രതീക്ഷ കളയരുത് . എല്ലാം നടക്കുമെന്ന് വിശ്വസിക്കുക . ഞാൻ നിങ്ങളെ അനുഗ്രഹിക്കും. നന്മ എപ്പോഴും വിജയിക്കും കുട്ടികളേ .അവർ മാലാഖയുടെ വാക്കുകൾ വിശ്വസിച്ചു. അങ്ങനെ അവരുടെ മനസ്സ് ശാന്തമായി. കടലിന്റെ ഓളങ്ങളും ശാന്തമായി ഒഴുകി.

Sarga s Raj 8 D

# അമാവാസി

-------------------
രാത്രിക്ക്
രണ്ടാഴ്ച വേണ്ടി വന്നു
വായിച്ചു തീർക്കാൻ
നിലാവ് നിവർത്തി വെച്ച
പുസ്തകം....
ഇന്ന്
അമാവാസി.
കോൺക്രീറ്റ് മുറിയിലെ
ജനൽ വഴി
മേയാൻ വിട്ട
കിനാവിന്റെ പൈക്കുട്ടികൾ
തിരിച്ചു വന്നതേയില്ല.
ഇനി
എനിക്കൊരു
മൺ വീട് വേണം .....
പുരാതന
പ്രണയാസ്ഥികൾ കൊണ്ട്
അസ്ഥിവാരം ....
പാതി മുറിഞ്ഞ
വാക്കിന്റെ പശതേച്ച്
മൺകട്ടകളാലൊരു വീട്
ചുവരിൽ തൂക്കണം
പഴയ കാലത്തിന്റെ
ഏടിൽ നിന്നും
പറിച്ചെടുത്ത
ഫ്രെയിം പൊട്ടിയ
നിന്റെ
ബ്ലാക്ക് ആന്റ് വൈറ്റ്
കുസൃതികൾ.....
എനിക്ക്
ഒരു മൺ വീട് വേണം:
ഉമ്മറത്ത്
എണ്ണയില്ലാതെ
തെളിഞ്ഞ്:
കത്താൻ നിന്റെ
കൺവിളക്ക്
മുറ്റത്ത്
ഉമിനീർ മധുരമുള്ള
സമ്മാനങ്ങളോർക്കാൻ
നട്ടുവളർത്തും

ഞാനൊരു പുത്തിലഞ്ഞി .
അടുപ്പൂതി കലങ്ങിയ
നിന്റെ കണ്ണിന്റെ
കൊതിപ്പിക്കുന്ന
ഓർമ്മയ്ക്കായ്
മുനിഞ്ഞ് കത്തുന്ന
ഒരു മണ്ണുടുപ്പ്:
പാതിയിരുട്ടിൽ
നിന്നെ കാണാൻ
ചില്ലു കുഴലില്ലാത്ത
ഒരു
മണ്ണെണ്ണ വിളക്ക്:
കവിളിലെ
കള്ളികൾ തൊട്ടു ചിരിക്കാൻ
വിരിപ്പില്ലാത്ത
ഒരു
തഴപ്പായ.
എനിക്കൊരു
മൺ വീട് വേണം
മേൽക്കൂരയില്ലാത്ത
മൺ വീട്.
കനത്ത മഴയിൽ
നനഞ്ഞ് കുതിർന്ന്
ഒഴുകുമ്പോൾ
ഒരു
കരിയിലകുടയായ്
നീ
വരുമെന്നാശിക്കാൻ
എനിക്കൊരു
മൺ വീട് വേണം .....
വെറും
മണ്ണു കൊണ്ടൊരു
വീട്......

**ശ്രീലത കെ. എം**

**മലയാളം**

# ജീവിതം

കണക്കുകൂട്ടലുകൾ
പിഴച്ച
കണക്കുമാഷിന്റെ
സൂത്രവാക്യങ്ങൾ
ഒരുപക്ഷെ ,
ചക്രങ്ങളിടറിയ
ജീവിതത്തിന്റെ
നിഴലുകളാവുമ്പോൾ
ഇതാ, ഇവിടെ
നിഴലുകളുടെ
നിറം മങ്ങുന്നു ...........

അമേഖ


X A

# സ്വപ്നം

സ്വപ്നത്തിൽ ഇന്നലെ നീ വന്നു
ഒരു മാലാഖയായി
പുക മഞ്ഞ് പോലെ
ഒരു  വെള്ളി തൂവൽ പോലെ
മന്ത്രിച്ചു നീ എന്റെ കാതിൽ
വരൂ ; എനിക്കൊപ്പം
മേഘങ്ങൾക്കിടയിലൂടെ
ആകശത്തിനപ്പുറത്തേക്ക്
ഊളിയിടുമ്പോൾ
ശ്വാസം കിട്ടാതെ ഞാൻ പിടഞ്ഞില്ല
പകരം ആനന്ദത്തിന്റെ തിരമാലകൾ
എന്നിൽ നുരഞ്ഞു പൊങ്ങി
എവിടെയോ നീ എന്നെ കൈവിട്ടപ്പോൾ
ഒരു തൂവൽ പോലെ
ഞാൻ താഴേക്കു പതിച്ചു
ചിതറി തെറിച്ചില്ല എൻ ശരീരം

Avanthika
9A





## ചിത്രങ്ങൾ സംസാരിക്കുമ്പോൾ............

# സ്കൂൾതല പ്രവർത്തനങ്ങളിലൂടെ



സ്കൂൾ ലൈബ്രറി

LITTLE KITES 2019-21 batch





**സ്ക്കൂൾ പ്രവേശനോത്സവം**




**അനുമോദനം**



ഫുട്ബോൾ അക്കാദമി ഉദ്ഘാടനം





ENGLISH CLUB




ARTS CLUB




വിദ്യാരംഗം



**വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം**



by
Adhithya





There is No
tter feeling in the world
than holding your precious
child...
A mother's heart
is always with
her children...


कूड़ा कचरा मत फेंको
प्रकृती का नाश मत करें
पर्यावरण को बचाओं हमारा जीवन सुरक्षित बनाओं
पेड़ लगाओं प्रकृती को साफ़ करें
पर्यावरण हमारा रक्षा कवच है।
पर्यावरण की रक्षा हमारी सुरक्षा।
By
गौतम मनोहर
VIII-D
GHSS CHORODE



पानी के बिना जीवन असंभव है
जल अमूल्य है
जल जीवामृत है
जल है तो कल है
जल ही जीवन है।
जल का संरक्षण हमारा कर्तव्य।
VIII . D



जल जीवामृत है।
जल प्रकृति का वरदान है।
जल जीवन का आधार है।
जल अनमोल है।
जीव जल संरक्षण हमारा कर्तव्य है।
VIII th D














**ഡിജിറ്റൽ പൂക്കളമത്സരം**




HRUDYA R KRISHNA 10 B



RENA FATHIMA 8 A









**ടാഗോർ ഫെസ്റ്റ്**









**NMMS വിജയികൾ**



STUDY TOUR X STD


ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ചോറോട്
കുരിക്കിലാട്.പി.ഒ.
STEPS
Special talent Enrichment Programme for Students
Supported by SNS
G.H.S.S
CHORODE




ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ചോറോട്
കുരിക്കിലാട്.പി.ഒ.
STEPS
Special talent Enrichment Programme for Students
Supported by.SNS ട്രസ്റ്റ്



MATRIX



# വായിക്കുമ്പോൾ ലോകം നിങ്ങളോട് സ്വകാര്യം പറയുന്നു

ജ്